**പതിമൂന്നാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5180 — 30.06.2014 ന് മറുപടിയ്ക്ക്.

**<u>നാട്ടാനകളെ സംബന്ധിച്ച വിവരം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ.രാജു | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) 2010 ഡിസംബർ 21-ന് വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നാട്ടാനകളുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചതിന് ശേഷം നാളിതുവരെ എത്ര ആനകളെ കൈമാറ്റം ചെയ്തിട്ടുണ്ടെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) 2010 ഡിസംബർ 21-ന് വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നാട്ടാനകളുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചതിന് ശേഷം ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടെ നാട്ടാനകളുടെ കൈമാറ്റം നടത്തിയിട്ടില്ല. |
| (ബി) പ്രസ്തുത ലിസ്റ്റ് പ്രകാരമുള്ള ഉടമസ്ഥരുടെ കൈവശം തന്നെയാണോ ഈ ആനകൾ ഇപ്പോഴും ഉള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) അല്ലെങ്കിൽ അവയുടെ പുതിയ ഉടമസ്ഥരുടെ പേരും മേൽവിലാസവും ആനകളെ സംബന്ധിച്ച വിശദ വിവരങ്ങളും ലഭ്യമാക്കുമോ; | (സി) മേൽ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ബാധകമല്ല. |
| (ഡി) ആനകളെ സംബന്ധിച്ച് നാളിതുവരെ പൂർത്തീകരിക്കപ്പെട്ടിട്ടുള്ള അന്വേഷണ വിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) ഏത് അന്വേഷണ വിവരങ്ങൾ ആണ് ലഭ്യമാക്കേണ്ടത് എന്ന് ചോദ്യത്തിൽ വ്യക്തമാകാത്തതിനാൽ മറുപടി നൽകുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ